प्रेस प्रकाशनी പ്രസ്സ് റിലീസ്

भारतीय रिज़र्व बैंक
ഭാരതീയ റിസർവ് ബാങ്ക്

वेबसाइट : www.rbi.org.in/hindi
വെബ്സൈറ്റ് : www.rbi.org.in
ई-मेल/ ഇമെയിൽ : helpdoc@rbi.org.in

**संचार विभाग,** केंद्रीय कार्यालय, शहीद भगत सिंह मार्ग, फोर्ट, मुंबई - 400 001
**ആശയവിനിമയ വകുപ്പ്**, കേന്ദ്ര കാര്യാലയം , ഷാഹിദ് ഭഗത് സിംഗ് മാർഗ് , ഫോർട്ട്, മുംബൈ- 400 001 फोन/ഫോൺ : **022 - 2266 0502**

ഓഗസ്റ്റ് 22, 2024

**മഹാരാഷ്ട്ര ലാത്തൂരിലെ മഹാരാഷ്ട്ര നാഗരി സഹകാരി ബാങ്ക് ലിമിറ്റഡിനു മേൽ ഭാരതീയ റിസർവ് ബാങ്ക് പണപ്പിഴ ചുമത്തി**

"വരുമാനം തിരിച്ചറിയൽ, ആസ്തികളുടെ വർഗ്ഗീകരണം (ഐ ആർ എ സി) – മാനദണ്ഡങ്ങൾ" എന്ന വിഷയത്തെ സംബന്ധിച്ച് ഭാരതീയ റിസർവ് ബാങ്ക് പുറപ്പെടുവിച്ചിട്ടുള്ള ചില നിശ്ചിത മാർഗ്ഗരേഖകൾ പാലിക്കാത്തതിനും, 1949 ലെ ബാങ്കിംഗ് റെഗുലേഷൻ ആക്ടിന്റെ (ബി ആർ ആക്ട്) വകുപ്പ് 26എ, വകുപ്പ് 56 ഉം ആയി കൂട്ടിവായിച്ചതിൻ പ്രകാരമുള്ള വ്യവസ്ഥകളുടെ ലംഘനത്തിനും, 2024 ഓഗസ്റ്റ് 08 ലെ ഉത്തരവു പ്രകാരം, മഹാരാഷ്ട്ര ലാത്തൂരിലെ, മഹാരാഷ്ട്ര നാഗരി സഹകാരി ബാങ്ക് ലിമിറ്റഡിനു (പ്രസ്തുത ബാങ്ക്) മേൽ ഭാരതീയ റിസർവ് ബാങ്ക് (ആർ.ബി.ഐ), 2,00,000/- രൂപ (രണ്ടു ലക്ഷം രൂപ മാത്രം) പിഴ ചുമത്തി. 1949 ലെ ബാങ്കിംഗ് റെഗുലേഷൻ ആക്ടിലെ 47എ(1)(സി) വകുപ്പിനൊപ്പം 46(4)(i), 56 എന്നീ വകുപ്പുകൾ കൂട്ടിവായിച്ച പ്രകാരം ആർ. ബി.ഐ.യിൽ നിക്ഷിപ്തമായിട്ടുള്ള അധികാരങ്ങൾ ഉപയോഗിച്ചാണ് ഈ പിഴ ചുമത്തിയിരിക്കുന്നത്.

പ്രസ്തുത ബാങ്കിന്റെ മേലുള്ള നിയമപ്രകാരമുള്ള പരിശോധന, അതിന്റെ 31 മാർച്ച് 2023 വരെയുള്ള സാമ്പത്തിക സ്ഥിതിയെ അടിസ്ഥാനമാക്കി, ആർ.ബി.ഐ നടത്തുകയുണ്ടായി. ആർ.ബി.ഐ യുടെ മാർഗ്ഗരേഖകളും നിയമപരമായ വ്യവസ്ഥയും ഇതു സംബന്ധിച്ച അനുബന്ധ കത്തിടപാടുകളും പാലിക്കാത്തതായുള്ള പരിശോധനാ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ, പ്രസ്തുത ആർബിഐ നിർദ്ദേശങ്ങളും ബിആർ നിയമത്തിലെ വ്യവസ്ഥയും പാലിക്കാത്തത്തിൽ ഉണ്ടായ വീഴ്ചയുടെ പേരിൽ പിഴ ചുമത്താതിരിക്കുന്നതിനുള്ള കാരണം കാണിക്കാൻ നിർദ്ദേശിച്ച് പ്രസ്തുത ബാങ്കിന് നോട്ടിസ് നൽകുകയുണ്ടായി. നോട്ടിസിനുള്ള ബാങ്കിന്റെ മറുപടിയും, വ്യക്തിപരമായ ഹിയറിങ്ങിൽ നല്കിയ വാക്കാലുള്ള

സമർപ്പണങ്ങളും പരിഗണിച്ചതിൻ പ്രകാരം , മറ്റു പലതിന്റെയും കൂട്ടത്തിൽ, ചില വായ്പ അക്കൌണ്ടുകൾ എൻ.പി.എ (NPA) ആയി തരം തിരിക്കാതിരുന്നതിന്റെ ഫലമായി ആസ്തികളുടെ വർഗ്ഗീകരണത്തിൽ വ്യതിചലനം സംഭവിച്ചു എന്നതും അർഹമായ തുക നിക്ഷേപകരുടെ വിദ്യാഭ്യാസത്തിനും ബോധവൽക്കരണത്തിനുമായുള്ള ഫണ്ടിലേക്ക് നിർദ്ദിഷ്ട സമയ പരിധിക്കുള്ളിൽ കൈമാറ്റം ചെയ്തിട്ടില്ല എന്നതുമായ കുറ്റം ചാർത്തലുകൾ (ചാർജ്) നിലനിൽക്കുന്നതായി ആർ.ബി.ഐ കണ്ടെത്തുകയും, തന്മൂലം പണപ്പിഴ ചുമത്തൽ നിർബന്ധിതമാവുകയും ചെയ്തു.

ഈ നടപടി, നിയമം വ്യവസ്ഥാപനം ചെയ്യുന്ന ഉത്തരവുകൾ പാലിക്കുന്നതിലെ പോരായ്മകളെ അടിസ്ഥാനമാക്കിയുള്ളതാണ് എന്നു മാത്രമല്ല, ഇത് പ്രസ്തുത ബാങ്ക് അവരുടെ ഉപഭോക്താക്കളുമായി നടത്തിയിട്ടുള്ള ഏതെങ്കിലും ഇടപാടിന്റെയോ കരാറിന്റെയോ സാധുതയെക്കുറിച്ചുള്ള വിധി പറയുവാൻ ഉദ്ദേശിച്ചുള്ളതുമല്ല. കൂടാതെ, ഈ പണപ്പിഴ ചുമത്തൽ പ്രസ്തുത ബാങ്കിനെതിരെ ആർ.ബി.ഐ മേലിൽ ആരംഭിച്ചേക്കാവുന്ന മറ്റെന്തെങ്കിലും നടപടികളിന്മേൽ യാതൊരുവിധ മുൻവിധിയും ഉളവാക്കുന്നതല്ല.

**(പുനീത് പഞ്ചോളി)**

**പത്രക്കുറിപ്പ് :2024-2025/952** ചീഫ് ജനറൽ മാനേജർ